**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1823** **09-12-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കേരഗ്രാമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ എത്ര കേരഗ്രാമങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ; | (എ) | മണലൂർ നിയോജക മണ്ഡലത്തില് 2022-23 വർഷത്തിൽ രണ്ട് കേരഗ്രാമം ആണ് ഉള്ളത് .<br><br>ഒന്നാം വർഷം കേരഗ്രാമം - പാവറട്ടി (2022-23)<br><br>രണ്ടാം വർഷം കേരഗ്രാമം - എളവള്ളി (2021-22) |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിൽ എത്ര കേരഗ്രാമങ്ങൾ അനുവദിച്ചെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | മണലൂർ നിയോജക മണ്ഡലത്തില് 2022-23 വർഷത്തിൽ രണ്ട് കേരഗ്രാമം ആണ് ഉള്ളത് .<br><br>ഒന്നാം വർഷം കേരഗ്രാമം - പാവറട്ടി (2022-23)<br><br>രണ്ടാം വർഷം കേരഗ്രാമം - എളവള്ളി (2021-22) |
| (സി) | കേരഗ്രാമങ്ങൾക്ക് വകുപ്പ് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (സി) | 2022-23 വർഷത്തിൽ ,ഒന്നാം വർഷം 100 ഹെ വിസ്തൃതിയുള്ള കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നു. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 100 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടത്തിരിക്കുന്ന വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19200/- രൂപ നൽകുന്നു.<br><br>ഇതിൽതാഴെ പറയുന്ന ഘടകങ്ങളിൽ നിന്നും പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതാണ്.<br>(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ<br><br>-35 രൂപ/തെങ്ങ്<br><br>(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്<br><br>(c) ഇടവിള കൃഷി - 6000രൂപ ഹെക്ടറിന് |

| | | | |
|---|---|---|---|
| | | | (d)സംയോജിത വള പ്രയോഗം<br><br>i) കുമ്മായം - 9 രൂപ/തെങ്ങ്<br><br>ii) രാസവളം/ജീവാണുവളങ്ങൾ- 20രൂ/തെങ്ങ്<br><br>iii) മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ്<br>1v)ജൈവവളം - 25 രൂപ/തെങ്ങ്<br><br>(e)സംയോജിത സസ്യസംരക്ഷണം<br><br>i )സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്<br><br>ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീകനിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്.<br><br>iii)രോഗംബാധിച്ചതും ഉൽപ്പാദന ശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000 രൂപ/തെങ്ങ്<br><br>iv) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60രൂപ/തെങ്ങ്<br><br>2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.<br><br>3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.<br><br>4. 4ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.<br><br>5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തനചെലവായി 1 ലക്ഷം രൂപ.<br><br>6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനികയർനിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.<br><br>7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.<br><br>കൂടാതെ, താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം. |
| (ഡി) | മണലൂർ മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് | (ഡി) | 2022-23 ൽ അനുവദിച്ച പാവറട്ടി പഞ്ചായത്ത് കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | 02.12.2022നടക്കുകയുണ്ടായി. പദ്ധതി നിർവഹണം ആരംഭിച്ചിട്ടുണ്ട്.<br><br>എളവള്ളി രണ്ടാം വർഷ കേരഗ്രാമം പദ്ധതി പുരോഗമിച്ചു വരുന്നു. സംയോജിത വള പ്രയോഗം എന്ന ഘടകം നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ